**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4028 — 24.06.2019 ലെ മറുപടിയ്ക്ക്.

## മലപ്പുറം മണ്ഡലത്തിൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ഉബൈദുള്ള :** | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |

(എ) മലപ്പുറം ജില്ലയിൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോന്നിലും എത്ര കുട്ടികൾ വീതം താമസിക്കുന്നുവെന്ന് അറിയിക്കുമോ;

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിൽ നിലവിൽ അഞ്ച് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു.

സ്ഥാപനം, ആകെ വിദ്യാർത്ഥികൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1) | പ്രീ-മെട്രിക് ഹോസ്റ്റൽ (ആൺ), തച്ചിങ്ങനാടം, പെരിന്തൽമണ്ണ | 17 |
| 2) | പ്രീ-മെട്രിക്ഹോസ്റ്റൽ (പെൺ), മുക്കുതല, പെരുമ്പടപ്പ്. | 30 |
| 3) | പ്രീ-മെട്രിക് ഹോസ്റ്റൽ (ആൺ), പരപ്പനങ്ങാടി, തിരൂരങ്ങാടി | 20 |
| 4) | പ്രീ-മെട്രിക് ഹോസ്റ്റൽ (പെൺ), വണ്ടൂർ | 19 |
| 5) | പ്രീ-മെട്രിക് ഹോസ്റ്റൽ (പെൺ), മഞ്ചേരി | 30 |

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്. പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ നിലവിലില്ല. നിലവിലുള്ള 10 പ്രീമെട്രിക്ക് ഹോസ്റ്റലുകളിലും താമസിക്കുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | സ്ഥലം | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | PMH (Girls) നിലമ്പൂർ | പാടിക്കുന്ന് | 52 |
| 2 | PMH (Girls)പോത്തുകല്ല് | ഞെട്ടിക്കുളം | 58 |

<table>
<tr><td></td><td></td><td></td><td>

| | | | |
|---|---|---|---|
| 3 | PMH (Girls) ചുങ്കത്തറ | മണിമൂളി | 63 |
| 4 | PMH (Girls) മണിമൂളി | മണിമൂളി | 63 |
| 5 | PMH (Boys) നിലമ്പൂർ | ഞെട്ടിക്കുളം | 21 |
| 6 | PMH (Boys) എടക്കര | പാലേമാട് | 27 |
| 7 | PMH (Boys) ചുങ്കത്തറ | ചുരുളി | 20 |
| 8 | PMH (Boys) മമ്പാട് | മമ്പാട് | 55 |
| 9 | PMH (Boys) ഓടക്കയം | ഓടക്കയം | 21 |
| 10 | PMH (Boys) പൂക്കോട്ടുംപാടം | പൂക്കോട്ടു പാടം | 52 |

</td></tr>
<tr><td>(ബി)</td><td>ഓരോ ഹോസ്റ്റലിലും ആവശ്യമായ ജീവനക്കാർ ഉണ്ടോയെന്നും എതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ എന്നുമുള്ള വിശദാംശം നൽകുമോ;</td><td>(ബി)</td><td>പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രീ-മെട്രിക് ഹോസ്റ്റൽ, വണ്ടൂർ - വാർഡൻ, കുക്ക് തസ്തികയിൽ ഓരോ ഒഴിവുണ്ട്. പ്രീ-മെട്രിക് ഹോസ്റ്റൽ, മൂക്കുതല വാർഡൻ തസ്തികയിൽ ഒരൊഴിവുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രീമെട്രിക് ബോയ്സ് ഹോസ്റ്റൽ മമ്പാട്, നിലമ്പൂർ, ഗേൾസ് ഹോസ്റ്റൽ മണിമൂളി, എന്നീ ഹോസ്റ്റലുകളിൽ വാർഡൻമാരുടെ തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്. ടി ഹോസ്റ്റലുകളിൽ പി.എസ്.സി മുഖേന നിയമനം ലഭിച്ച വാർഡൻമാർ ജോലിയിൽ പ്രവേശിക്കാത്തതിനെ തുടർന്നാണ് ടി ഒഴിവുകൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത ഒഴിവും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുക്ക്മാരുടെ തസ്തികയിൽ 14 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ദിവസവേതന അടിസ്ഥാനത്തിലോ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകി നിയമനം നടത്തുന്നതാണ്.</td></tr>
<tr><td>(സി)</td><td>മലപ്പുറം മണ്ഡലത്തിൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലില്ല എങ്കിൽ ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് പ്രസ്തുത ഹോസ്റ്റലുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?</td><td>(സി)</td><td>പട്ടികജാതി വികസന വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിൽ നിലവിൽ അഞ്ച് പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ ആവശ്യകത ഉണ്ടോയെന്ന് പരിശോധിക്കുന്നതാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ മലപ്പുറം മണ്ഡലത്തിൽ പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലില്ല. ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്ക്/പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലിന്റെ ആവശ്യകത ഉണ്ടോ എന്ന് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ